# കേരള സർവകലാശാല

നം.പി.ആർ.223/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### മെഗാ പ്ലേസ്മെന്റ് ഫെയർ-2016 മാറ്റി

കേരള സർവകലാശാല പ്ലേസ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ നവംബർ 27-ന് നടത്താനിരുന്ന മെഗാ പ്ലേസ്മെന്റ് ഫെയർ-2016 മറ്റൊരു ദിവസത്തേക്ക് മാറ്റിവെച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും. ഫെയറിൽ പങ്കെടുക്കുവാനുള്ള രജിസ്ട്രേഷൻ http://placement.keralauniversity.ac.in എന്ന പ്ലേസ്മെന്റ് പോർട്ടലിൽ തുടരും.
(എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കുന്നതിന്)

### ബി.എ/ബി.എസ്സി/ബി.കോം പരീക്ഷ

കേരള സർവകലാശാല ഒന്നാം സെമസ്റ്റർ ബി.എ/ബി.എസ്സി/ബി.കോം (സി.ബി.സി.എസ്.എസ് - 2013 -2016 വരെ പ്രവേശനം നേടിയവർ) പരീക്ഷകൾക്ക് പിഴകൂടാതെ നവംബർ 30 (50 രൂപ പിഴയോടെ ഡിസംബർ രണ്ട്. 250 രൂപ പിഴയോടെ ഡിസംബർ അഞ്ച്) വരെ അപേക്ഷിക്കാം. പരീക്ഷ ഡിസംബർ 22-ന് തുടങ്ങും.

### എം.ഫിൽ വൈവ

കേരള സരവകലാശാല 2015-16 ബാച്ച് എം.ഫിൽ രണ്ടാം സെമസ്റ്റർ സുവോളജി വൈവ കാര്യവട്ടം സുവോളജി പഠനവകുപ്പിൽ നവംബർ 28-ന് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### സമ്പർക്കക്ലാസ് ഇല്ല

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം കാര്യവട്ടം കാമ്പസ്, കൊട്ടാരക്കര, ആലപ്പുഴ എന്നീ കേന്ദ്രങ്ങളിൽ നവംബർ 26, 27 തീയതികളിൽ സമ്പർക്കക്ലാസ് ഉണ്ടായിരിക്കില്ല.

### വിദ്യാഭ്യാസ സ്കോളർഷിപ്പ് : അപേക്ഷ ക്ഷണിച്ചു

കേരള സംസ്ഥാന മുന്നാക്ക സമുദായ കോർപ്പറേഷൻ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുന്നാക്ക സമുദായത്തിൽപ്പെടുന്ന വിദ്യാർത്ഥികളിൽ നിന്നും 2016-17 വർഷത്തെ വിദ്യാഭ്യാസ സ്കോളർഷിപ്പിനുള്ള അപേക്ഷ ക്ഷണിച്ചു. പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. അപേക്ഷകൾ ഓൺലൈൻ വഴി സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 15. വിശദവിവരങ്ങൾ www.kswcfc.org എന്ന വെബ്സൈറ്റിൽ ലഭിക്കും.

### ശിൽപശാല

കേരള സർവകലാശാല ഐ.ക്യു.എ.സിയും കേരള സർക്കാരിന്റെ ഫ്ളയർ പദ്ധതിയും സംയുക്തമായി എൻക്വയറി ലേണിങ്ങിനെക്കുറിച്ച് പ്രൊഫ. ക്ലിഫ് കസ്മാലിന്റെ നേതൃത്വത്തിൽ കേരള സർവകലാശാലയിൽ ദ്വിദിന ശിൽപശാല നവംബർ 25, 26 തീയതികളിൽ നടത്തും. സിൻഡിക്കേറ്റംഗം ഡോ. കെ ഷാജി ആദ്ധ്യക്ഷം വഹിക്കുന്ന ചടങ്ങിൽ സ്വീഡനിലെ ലുണ്ട് സർവകലാശാല പ്രൊഫ.

ഡോ. ബാബു നായർ ഉദ്ഘാടനം ചെയ്യും. താൽപര്യമുള്ള അദ്ധ്യാപകർക്ക് ഏതാനും സ്പോട്ട് രജിസ്ട്രേഷൻ അനുവദിക്കും. വിശദവിവരങ്ങൾക്ക് ഇ-മെയിൽ (axisaparna@gmail.com) വഴി ബന്ധപ്പെടുക.

## അറബി ഭാഷയ്ക്ക് ഇൻഡ്യക്കാർ നൽകിയ സംഭാവന നിസ്തുലം: ജമാൽ അൻസാബി

അറബി ഭാഷയ്ക്കും സാഹിത്യത്തിനും ഇൻഡ്യൻ പണ്ഡിതന്മാർ നൽകിയ സംഭാവനകൾ നിസ്തുലമാണെന്ന് യു.എ.ഇ കോൺസുലർ ജനറൽ ജമാൽ ഹുസൈൻ അൽസാബി അഭിപ്രായപ്പെട്ടു. കേരള സർവകലാശാല അറബിക് പഠനവകുപ്പ് "മുംസ്ലീംകളുടെ പതനവും ലോകത്തിന്റെ നഷ്ടവും" എന്ന പുസ്തകത്തെ ആസ്പദമാക്കി നടത്തിയ ദ്വിദിന ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രോ-വൈസ് ചാൻസലർ ഡോ. എൻ വീരമണികണ്ഠൻ, ഡോ. ജമാലുദ്ദീൻ ഫറൂഖി, ലക്നൗ നദ്വത്തുൽ ഉലമ അറബി വിഭാഗം മേധാവി ഡോ. നസീർ അഹമ്മദ്, അറബി പഠനവകുപ്പ് മേധാവി ഡോ. താജുദ്ദീൻ മന്നാന്നി, ഡോ. മുഹമ്മദ് ഷാഫി, നൗഷാദ് തുടങ്ങിയവർ സംസാരിച്ചു.

(ഫോട്ടോ ഇ-മെയിൽ ചെയ്തിട്ടുണ്ട്)




**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
24.11.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ